പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 231 **28-10-2026-ൽ മറുപടിയ്ക്ക്**

വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) വിഴിഞ്ഞം മത്സ്യബന്ധന മേഖലയിൽ 500 കോടിയുടെ നിക്ഷേപം നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവന സംരക്ഷണത്തിനുമായി ഏകദേശം 500 കോടി രൂപ ചെലവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

പ്രസ്തുത പദ്ധതികളുടെ ഭാഗമായി 09.10.2026-ന് നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെയും പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമാണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ, അധിക ഇന്ധനച്ചെലവിനുള്ള നഷ്ടപരിഹാര ഉപജീവന സഹായവും ഗുണഭോക്താ ക്കൾക്ക് വിതരണം ചെയ്തു.

ഈ പദ്ധതികൾ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിനും അവരുടെ ഉപജീവനവും ക്ഷേമവും ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

(ബി) നിലവിലെ വിഴിഞ്ഞം മീൻപിടുത്ത ഹാർബർ 90 കോടി രൂപ ചെലവിൽ നവീകരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

മറുപടി: വിഴിഞ്ഞം മീൻപിടുത്ത ഹാർബർ 90 കോടി രൂപ ചെലവിൽ നവീകരിക്കാൻ പദ്ധതിയുണ്ട്. പദ്ധതിയുടെ നിർവഹണച്ചുമതല ഹാർബർ എൻജിനീയറിംഗ് വകുപ്പിനാണ്. G.O.(Rt) No.587/2026/F&P തീയതി 05.10.2026 പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ നീളം കൂട്ടൽ, ഖബർ സംരക്ഷണ പ്രവൃത്തിയും നടപ്പാലം നിർമ്മാണം, ഡ്രെഡ്ജിംഗും ബീച്ച് നറിഷ്മെന്റ് പ്രവൃത്തി, ലോ ലെവൽ വാർഫ്, ഫ്ലോട്ടിംഗ് ജെട്ടി, ഇന്റേണൽ റോഡ്, ലോക്കർ റൂം, ഷോപ്പ് ബിൽഡിംഗ്, പെറ്റി ഷോപ്പ്, ടോയ്ലെറ്റ് ബ്ലോക്ക്, റസ്റ്റ് റൂം, ഓവർഹെഡ് വാട്ടർ ടാങ്ക് & സമ്പ്, ഗേറ്റ് & ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, ഡ്രെയിൻ, സീവേജ്

ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണം കൂടാതെ വിഴിഞ്ഞം ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) 260 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന വിഴിഞ്ഞത്തെ പുതിയ മീൻപിടുത്ത ഹാർബറുമായി ബന്ധപ്പെട്ട് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ ലീവാർഡ് പുലിമുട്ടിനും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വടക്കേ പുലിമുട്ടിനും ഇടയിൽ പുതിയ മത്സ്യബന്ധന തുറമുഖം വികസിപ്പിക്കുന്നതിന് G.O.(Ms) No.6/2025/F&P തീയതി 27.03.2025 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പരമ്പരാഗതവും ചെറുകിട യന്ത്രവൽകൃതവുമായ മത്സ്യബന്ധന യാനങ്ങൾക്ക് ഉപയോഗിക്കാവുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൺസഷൻ കരാറിലെ ഫണ്ടഡ് വർക്ക് വ്യവസ്ഥകൾ പ്രകാരം AVPPL മുഖേന പ്രസ്തുത മൽസ്യബന്ധന തുറമുഖത്തിനായുള്ള 235 മീറ്റർ പുലിമുട്ട്, 500 മീറ്റർ L-ആകൃതിയിലുള്ള മത്സ്യബന്ധന ബെർത്ത്, അനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏകദേശം 250–300 കോടി രൂപ വരെയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണോദ്ഘാടനം 09.10.2026-ന് നിർവഹിച്ചു. അന്താരാഷ്ട്ര തുറമുഖ ശേഷി വർധിപ്പിക്കുന്ന പദ്ധതിയുടെ നിശ്ചിത പൂർത്തീകരണ തീയതിയായ 31.12.2028-നകം നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയിൽ രണ്ട് ആധുനിക ലേല ഹാളുകൾ, ലോഡിംഗ് ഏരിയകൾ, ഏകദേശം 12,285 ചതുരശ്ര മീറ്റർ പാകിയ പാർക്കിംഗ് ഏരിയ, ഒരു കിലോമീറ്റർ ആഭ്യന്തര റോഡ്, പാലം, ഭരണനിർവഹണ കെട്ടിടം, കാന്റീൻ, വല നന്നാക്കൽ ഷെഡ്, ഗിയർ ഷെഡ്, ശുചിമുറികൾ, ജലവിതരണം, ഹൈമാസ്റ്റ്-യാർഡ് ലൈറ്റുകൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ മത്സ്യബന്ധന യാനങ്ങൾ സുരക്ഷിതമായി പാർക്ക് ചെയ്യുന്നതിനും മത്സ്യം ഇറക്കുന്നതിനും ലേലം ചെയ്യുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആധുനിക സൗകര്യങ്ങൾ ലഭ്യമാകും.

സെക്ഷൻ ഓഫീസർ

അനുബന്ധം

മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവന സംരക്ഷണത്തിനുമായി ഏകദേശം 500 കോടി രൂപ ചെലവിൽ വിഭാവനം ചെയ്ത വിവിധ പദ്ധതികൾ:

1) **നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധന ഇറമുഖത്തിന്റെ സമഗ്ര നവീകരണം:** 90 കോടി രൂപ ചെലവിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

2) **പുതിയ മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമാണം:** കൺസഷൻ കരാറിലെ ഫണ്ടഡ് വർക്ക് വ്യവസ്ഥകൾ പ്രകാരം AVPPL മുഖേന ഏകദേശം 260 കോടി രൂപ ചെലവിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പൂർത്തിയായശേഷം പദ്ധതിയുടെ പുതുക്കിയ ചെലവ് അന്തിമമായി നിശ്ചയിക്കും.

3) **പുതിയ പുലിമുട്ടിന്റെ നിർമാണം:** 125 കോടി രൂപ ചെലവിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്നു.

4) **മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ഉപജീവന സഹായം:** അധിക ഇന്ധനച്ചെലവിനുള്ള നഷ്ടപരിഹാരമായി 1,335 ഗുണഭോക്താക്കൾക്ക് 2,285 എഞ്ചിനുകൾക്കായി 35 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ